**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1801** **29-09-2025 - ൽ മറുപടിയ്ക്ക്**

**എയ്‌ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്‌ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി അനുവദിച്ചിട്ടുള്ള കോഴ്സുകളിൽ ഉൾപ്പെടെ എത്ര അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്‌ഡഡ് എഞ്ചിനീയറിങ് കോളേജുകളിൽ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ അപര്യാപ്തതയുള്ള അദ്ധ്യാപക തസ്തികകളുടെ നിർണ്ണയം നടത്തുന്നതിന് വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി വർക്ക് ലോഡ് അസ്സെസ്സ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വർക്ക് ലോഡ് കമ്മിറ്റി മൂന്ന് എയ്‌ഡഡ് എഞ്ചിനീയറിങ് കോളേജുകളിലായി വിവിധ ബ്രാഞ്ചുകളിലേയ്ക്ക് 79 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് വർക്ക് ലോഡ് അസ്സെസ്സ്മെന്റ് കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ/ എയ്‌ഡഡ് എഞ്ചിനീയറിങ് കോളേജുകളിൽ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ അധികമായുള്ള/ അപര്യാപ്തതയുള്ള ലാബ് തസ്തികകളുടെ നിർണ്ണയം നടത്തി വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി വർക്ക് ലോഡ് അസ്സെസ്സ്മെന്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യത്തിൽ പഠനം നടത്തി വരുന്നു. തസ്തിക നിർണ്ണയം നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കമ്മിറ്റിയുടെ ശിപാർശ പ്രകാരം തസ്തിക ആവശ്യമുള്ള സ്ഥാപനങ്ങളിലേയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |
| (ബി) | ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്‌ഡഡ് എഞ്ചിനീയറിങ് കോളേജുകളിൽ ജോലിഭാരത്തിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ അപര്യാപ്തതയുള്ള അദ്ധ്യാപക തസ്തികകളുടെ നിർണ്ണയം നടത്തുന്നതിന് വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി വർക്ക് ലോഡ് അസ്സെസ്സ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വർക്ക് ലോഡ് കമ്മിറ്റി മൂന്ന് എയ്ഡഡ് എഞ്ചിനീയറിങ് കോളേജുകളിലായി വിവിധ ബ്രാഞ്ചുകളിലേയ്ക്ക് 79 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് വർക്ക് ലോഡ് അസ്സെസ്സ്മെന്റ് കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിങ് കോളേജുകളിൽ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ അധികമായുള്ള/ അപര്യാപ്തതയുള്ള ലാബ് തസ്തികകളുടെ നിർണ്ണയം നടത്തി വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനായി വർക്ക് ലോഡ് അസ്സെസ്സ്മെന്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യത്തിൽ പഠനം നടത്തി വരുന്നു. തസ്തിക നിർണ്ണയം നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കമ്മിറ്റിയുടെ ശിപാർശ പ്രകാരം തസ്തിക ആവശ്യമുള്ള സ്ഥാപനങ്ങളിലേയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ